# രോഗം കൊണ്ടോ മറ്റോ പരീക്ഷിക്കപ്പെട്ടവരെ കാണുമ്പോൾ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

الْحمد لله الذي عافَانِي مما ابتلَاك بِه وفَضلَنِي علَى كَثيرٍ ممن خلَق تفْضيلًا

“താങ്കളെ പരീക്ഷിച്ചതിൽനിന്ന് എനിക്ക് സൗഖ്യം നൽകിയ, അവൻ സൃഷ്ടിച്ച ധാരാളം സൃഷ്ടികളേക്കാൾ എനിക്ക് ശ്രേഷ്ഠത നൽകുകയും ചെയ്ത അല്ലാഹുവിന് മാത്രമാകുന്നു സ്തുതികൾ മുഴുവനും”

ഒരാൾ, രോഗംകൊണ്ടോ മറ്റോ പരീക്ഷിക്കപ്പെട്ട വ്യക്തിയെ കാണുകയും ഇപ്രകാരം പറയുകയും ചെയ്താൽ ആ പരീക്ഷണം അയാൾക്ക് ഏൽക്കുകയില്ലന്ന് ഇമാം തിർമുദിയും മറ്റും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ വന്നിട്ടുണ്ട്. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചു.